**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് –ഡോ.സാന്ദ്രേന്ദു രാജൻ,അസിസ്റ്റന്റ് സർജൻ - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1.കത്ത് നമ്പർ.DMOH-കാസറഗോഡ്/2921/2025-A5 Dated :15.07.2025

2.കാരണം കാണിക്കൽ നോട്ടീസ് നം DHS/21478/2025-EA5 Dated :30.09.2025

3.ഡോ.സാന്ദ്രേന്ദു രാജൻ സമർപ്പിച്ച അപേക്ഷ തീയതി 14.10.2025

**ഉത്തരവ് നം. DHS/21748/2025-EA5 തീയതി.20-01-2026**

ഡോ.സാന്ദ്രേന്ദു രാജൻ ,അസിസ്റ്റന്റ് സർജൻ (Dr. Sandrendu Rajan) 24.04.2024 ന് ആരോഗ്യ വകുപ്പിൽ പ്രവേശിച്ച വ്യക്തിയാണ്. കാസറഗോഡ് മംഗൽപാടി താലൂക്ക് ആശുപത്രിയിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനത്തിൽ തുടരവെ 04.07.2025 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (1) പ്രകാരം കാസറഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിച്ചു. ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം നോട്ടീസ് നൽകി. പ്രസ്തുത നോട്ടീസിന് പരാമർശം (3) പ്രകാരം ടിയാൾ മറുപടി സമർപ്പിച്ചു.

ആർ സി സി യിൽ ഫെല്ലോഷിപ്പ് ചെയ്തുകൊണ്ടിരിക്കുകയാണെന്നും , ആയതിനാൽ അത് പൂർത്തിയാക്കാതെ തിരികെ സർവ്വീസിൽ പ്രവേശിക്കുവാൻ കഴിയുകയില്ല എന്നും , ആർ സി സി യിൽ ഫെല്ലോഷിപ്പ് ചെയ്യുന്നത് surgical skill improve ചെയ്യുന്നതിനു സഹായിക്കുമെന്നും ആയത് രോഗികൾക്ക് സഹായകരമാകുമെന്നും രേഖപ്പെടുത്തിയിരിക്കുന്നു.

(2). ഡോ.സാന്ദ്രേന്ദു രാജൻ സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു. Fellowship programme in head and neck Surgical Oncology ക്കു മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ഇല്ലാത്തതിനാൽ ഡോ.സാന്ദ്രേന്ദു രാജൻ സമർപ്പിച്ചിരുന്ന എൻ ഒ സി അപേക്ഷ നിരസിച്ചിരുന്നു. പ്രൊബേഷൻ കാലയളവിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുകയും, തിരികെ സേവനത്തിൽ പ്രവേശിക്കുവാൻ താല്പര്യവും അറിയിക്കതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ 04.07.2025 തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ.സാന്ദ്രേന്ദു രാജൻ, അസിസ്റ്റന്റ് സർജൻന്റെ വർക്ക് ആന്റ് കോണ്ടക്റ്റ് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

(3)ആരോഗ്യ വകുപ്പ് ഒരു ആവശ്യ സേവന ഡിപാർട്ട്മെൻറ് ആണ്. ഡോക്ടർമാർ അനധികൃത അവധിയിൽ പ്രവേശിക്കുന്നത് ആശുപത്രികളുടെ പ്രവർത്തനത്തെയും സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന പൊതു ജനത്തിനെയും സാരമായി ബാധിക്കുന്നതാണ്. യാതൊരു വിധ സാമൂഹ്യ പ്രതിബദ്ധതയും കാണിക്കാതെ അനധികൃതമായി ഡോക്ടർമാർ സെർവീസിൽ ഹാജരാകാതിരിക്കുന്നത് ഒരിക്കലും അംഗീകരിക്കുവാൻ കഴിയുന്നതല്ല. അനധികൃതമായി സർവീസിൽ നിന്നും വിട്ട് നിന്നത് ന്യായീകരിക്കുവാൻ ഈ കേസിൽ മെഡിക്കൽ ഓഫീസർക്കു കഴിഞ്ഞിട്ടില്ല.

(3). ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡോ. സാന്ദ്രേന്ദു രാജൻ , അസിസ്റ്റന്റ് സർജൻ ന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Reena K J
Date: 20-01-2026 14:51:09

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്,

Dr.Sandrendu Rajan , Chingamana , Peda South ,Lalaji Junction ,Karunagappally Kollam

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),കാസറഗോഡ്
3. സൂപ്രണ്ട്,താലൂക്ക് ആശുപത്രി,മംഗൽപാടി കാസറഗോഡ്

   (ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)
4. ഫയൽ